2024
APRIL
20
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## പൂരം തടസ്സപ്പെടുത്തി പൊലീസ് ബലപ്രയോഗം; നിർത്തിവച്ച് തിരുവമ്പാടി



ജനസാഗരത്തെ സാക്ഷിയാക്കി തൃശൂർ പൂരത്തിന്റെ ഭാഗമായി നടന്ന കുടമാറ്റം

**തൃശൂർ:** രാത്രിപ്പൂരത്തിനിടെ പൊലീസിന്റെ ബലപ്രയോഗം അതിരുവിട്ടതോടെ തിരുവമ്പാടി വിഭാഗം പൂരംനിർത്തിവച്ചു. രാത്രിയിൽ മഠത്തിൽ വരവ് പഞ്ചവാദ്യം നടക്കുന്നതിനിടെ നടുവിലാൽ ഭാഗത്തു പൊലീസ് ബാരിക്കേഡ് വച്ച് മനപ്പൂർവ്വം എഴുന്നള്ളിപ്പ് തടഞ്ഞത്. രാത്രി ഒന്നരയോടെയാണു സംഭവം. ഇതോടെ പഞ്ചവാദ്യക്കാർ വടക്കുന്നാഥ ക്ഷേത്രനടയ്ക്കു മുന്നിൽവച്ചു പിരിഞ്ഞുപോയി. ആനകളും പൂരപ്രേമികളും മടങ്ങി. നടുവിലാലിലെ പൂരപ്പന്തലിന്റെ ലൈറ്റ് അണച്ചു തിരുവമ്പാടി ദേവസ്വം ശക്തമായ പ്രതിഷേധമറിയിച്ചു. ചരിത്രത്തിലാദ്യമായാണ് ഇത്തരം സംഭവം.

പാറമേക്കാവിലമ്മയുടെ രാത്രി എഴുന്നള്ളിപ്പ് പൊലീസ് ബാരിക്കേഡ് വച്ച് തടയുകയും ഒരാനയെയും ഏതാനും മേളക്കാരെയും മാത്രം കടത്തിവിട്ടതും വലിയ ഒച്ചപ്പാടുണ്ടാക്കിയിരുന്നു. ഇന്നലെയും കമ്മിഷണറുടെ നേതൃത്വത്തിൽ മഠത്തിൽ വരവിലടക്കം കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും പൂരപ്രേമികളെ പിടിച്ചു തള്ളുകയും ചെയ്തിരുന്നു.

ഇന്നലെ രാത്രിയിൽ എഴുന്നള്ളിപ്പിനിടെ വാദ്യക്കാരെയും ആനകളെയും തടഞ്ഞതാണു വീണ്ടും പ്രശ്നമായത്. പൂരം വെടിക്കെട്ടിനു വേണ്ടി ഒരുക്കിയ ബാരിക്കേഡാണിത്. തിരുവമ്പാടി വിഭാഗം പൂരം നിർത്തിവച്ചതോടെ വെടിക്കെട്ടിന്റെ കാര്യവും അനിശ്ചിതത്വത്തിലായി.

തൃശൂർ ജില്ലയുടെ ചുമതലയുള്ള മന്ത്രി കെ. രാജനും ജില്ലാ ഭരണകൂടവും തിരുവമ്പാടി വിഭാഗവുമായി ചർച്ചകൾ നടത്തി. വെടിക്കെട്ട് നടത്തുമെന്നും എന്നാൽ എപ്പോൾ നടത്താൻ കഴിയുമെന്ന് പറയാനാവില്ലെന്നും പുലർച്ചെ അഞ്ച് മണിയോടെ വാർത്താ സമ്മേളനത്തിൽ തിരുവമ്പാടി വിഭാഗം അറിയിച്ചു.

ചിലപ്പോൾ ഉപചാരം ചൊല്ലി പിരിഞ്ഞ ശേഷമാകും നടത്താൻ സാധിക്കുക. ജില്ലാ ഭരണകൂടവുമായി ചർച്ച നടത്തി സമയം തീരുമാനിക്കുമെന്നും തിരുവമ്പാടി വിഭാഗം അറിയിച്ചു. ഇതിനിടെ പാറമേക്കാവിന്റെ വെടിക്കെട്ട് 6.30 ന് ആരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു.

ഇതേതുടർന്ന് മന്ത്രി കെ. രാജൻ വീണ്ടും നടത്തിയ ചർച്ചയിൽ പാറമേക്കാവിന്റെ വെടിക്കെട്ടിനു ശേഷം വെടിക്കെട്ട് നടത്താൻ തയാറാണെന്ന് തിരുവമ്പാടി വിഭാഗം അറിയിച്ചു. തീരുമാനം വന്നതിനു പിന്നാലെ അണച്ച പന്തൽ ലൈറ്റ് തെളിച്ചു.

## ബ്രഹ്മോസ് സൂപ്പർസോണിക് മിസൈലുകൾ ഫിലിപ്പീൻസിന് കൈമാറി



**ന്യൂഡൽഹി:** ഇന്ത്യ ഫിലിപ്പീൻസ് കരാറിൻറെ ഭാഗമായി ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂസ് മിസൈലുകളുടെ ആദ്യ ബാച്ച് കൈമാറി. 2022ൽ ഇരുരാജ്യങ്ങളും ഒപ്പുവച്ച 37.5 കോടി ഡോളറിൻറെ കരാർ പ്രകാരമാണു മിസൈലുകൾ ഫിലിപ്പീൻസിനു കൈമാറിയത്. ഇന്ത്യ റഷ്യ സംയുക്ത സംരംഭമായി വികസിപ്പിച്ച ബ്രഹ്മോസ് മിസൈലുകൾ ഇതാദ്യമാണ് ഒരു വിദേശരാജ്യത്തിനു നൽകുന്നത്.

തെക്കൻ ചൈനാക്കടലിനെച്ചൊല്ലി ചൈനയുമായി ഭിന്നത രൂക്ഷമായിരിക്കെയാണു കര, നാവിക, വ്യോമ, അന്തർവാഹിനി സംവിധാനങ്ങളിൽ നിന്നു പ്രയോഗിക്കാവുന്ന മിസൈൽ ഫിലിപ്പീൻസിനു സ്വന്തമാകുന്നത്. ഇന്ത്യൻ വ്യോമസേനയുടെ സി17 ഗ്ലോബ്മാസ്റ്റർ ട്രാൻസ്പോർട്ട് എയർക്രാഫ്റ്റിലാണു മിസൈലുകളും അനുബന്ധ ഉപകരണങ്ങളും ഫിലിപ്പീൻസിൽ എത്തിച്ചത്. രണ്ടു മിസൈൽ വിക്ഷേപിണികൾ, ഒരു റഡാർ യൂണിറ്റ്, കമാൻഡ് കൺട്രോൾ സംവിധാനം എന്നിവയുൾപ്പെടുന്നതാണ് ഓരോ ബാച്ചും. 10 മിനിറ്റിൻറെ ഇടവേളയിൽ രണ്ടു മിസൈലുകൾ തൊടുക്കാനാകും.


## ആദ്യഘട്ട വോട്ടെടുപ്പ് അവസാനിച്ചു; ബംഗാളിലും ത്രിപുരയിലും മികച്ച പോളിങ്; കുറവ് ബിഹാറിൽ



**ന്യൂഡൽഹി:** ലോക്സഭാ തെരഞ്ഞെടുപ്പിൻറെ അദ്യഘട്ട പോളിങ് അവസാനിച്ചു. രാജ്യത്താകെ 60 (59.71) ശതമാനം പോളിങ് രേഖപ്പെടുത്തി. ബംഗാളിലും ത്രിപുരയിലുമാണ് മികച്ച് പോളിങ് രേഖപ്പെടുത്തിയത്. കുറവ് പോളിങ് ബിഹാറിലാണ്.

ത്രിപുരയിൽ 76.10 ശതമാനമാണ് പോളിങ്. ബംഗാളിൽ 77.57 ശതമാനവും ബിഹാറിൽ 46.32 ശതമാനമാണ് പോളിങ് രേഖപ്പെടുത്തിയത്. കഴിഞ്ഞ തവണ ബിഹാറിൽ 66.04 ശതമാനമായിരുന്നു. ആകെയുള്ള 39 സീറ്റിലും തെരഞ്ഞെടുപ്പ് നടന്ന തമിഴ്നാട്ടിൽ 62.08 ശതമാനം വോട്ടാണ് രേഖപ്പെടുത്തിയത്. 12 സീറ്റുകളിൽ തെരഞ്ഞെടുപ്പ് നടന്ന രാജസ്ഥാനിൽ 50 ശതമാനം മാത്രമാണ് വോട്ടെടുപ്പ് നടന്നത്. ഉത്തരാഖണ്ഡിൽ 53 ശതമാനവും ഉത്തർപ്രദേശിൽ 57.54 ശതമാനവും മണിപ്പൂരിൽ 67.46 ശതമാനവും വോട്ട് രേഖപ്പെടുത്തിയതായാണ് കണക്കുകൾ.

21 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 102 മണ്ഡലങ്ങളിലേക്കാണ് ഇന്ന് തെരഞ്ഞെടുപ്പ് നടന്നത്. അരുണാചൽപ്രദേശ്, സിക്കിം എന്നിവിടങ്ങളിലായി 92 നിയമസഭാ സീറ്റിലേക്കും ഇന്ന് വോട്ടെടുപ്പ് നടന്നു. എട്ടു കേന്ദ്രമന്ത്രിമാർ, രണ്ട് മുൻ മുഖ്യമന്ത്രിമാർ, ഒരു മുൻ ഗവർണർ എന്നിവരടക്കം 1600 സ്ഥാനാർഥികളാണ് മത്സരരംഗത്തുള്ളത്.



# പക്ഷിപ്പനിയ്ക്കെതിരെ ആരോഗ്യ വകുപ്പിന്റെ ജാഗ്രത

## പക്ഷിപ്പനി പ്രതിരോധത്തിന് എസ്.ഒ.പി. പുറത്തിറക്കി

**തിരുവനന്തപുരം:** ആലപ്പുഴയിൽ 2 സ്ഥലങ്ങളിലെ താറാവുകളിൽ പക്ഷിപ്പനി അഥവാ ഏവിയൻ ഇൻഫ്ളുവൻസ (എച്ച്5 എൻ1) കണ്ടെത്തിയ സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ അടിയന്തര യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. പക്ഷിപ്പനി പ്രതിരോധത്തിനായി എസ്.ഒ.പി. പുറത്തിറക്കി. ഇതു കൂടാതെ ജില്ലാ കളക്ടറും യോഗം ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. പക്ഷിപ്പനി മനുഷ്യരെ ബാധിക്കാതിരിക്കാൻ മുൻ കരുതലുകൾ സ്വീകരിക്കണം. 2023ലെ കേരള പൊതുജനാരോഗ്യ നിയമമനുസരിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടപടി സ്വീകരിക്കാൻ നിർദേശം നൽകി. ആരോഗ്യ വകുപ്പ് നൽകുന്ന മാർഗനിർദേശങ്ങൾ എല്ലാവരും കർശനമായി പാലിക്കണം. രോഗബാധിത പ്രദേശങ്ങളിലുള്ളവരിലെ പനിയും മറ്റ് രോഗലക്ഷണങ്ങളും രണ്ടാഴ്ചക്കാലം പ്രത്യേക നിരീക്ഷണത്തിന് വിധേയമാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പ്രദേശത്തിന്റെ 3 കിലോ മീറ്റർ ചുറ്റളവിൽ ഫീവർ സർവേ നടത്തുകയും പനിയുള്ളവരിലെ തൊണ്ടയിലെ സ്രവമെടുത്ത് പരിശോധിച്ച് പക്ഷിപ്പനിയല്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യും. ആശാ പ്രവർത്തകരുടേയും ഫീൽഡ്തല ജീവനക്കാരുടേയും നേതൃത്വത്തിൽ ഫീൽഡ്തല പ്രവർത്തനങ്ങൾ ശക്തമാക്കും. പക്ഷിപ്പനി ബാധിച്ച പക്ഷികളുമായി ഇടപെട്ടവർ ക്വാറന്റൈൻ കൃത്യമായി പാലിക്കണം. ഈ പ്രദേശത്തിന് 10 കിലോ മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങളിൽ നിരീക്ഷണം ശക്തിപ്പെടുത്തും. ഏതെങ്കിലും തരത്തിലുള്ള പക്ഷി മരണങ്ങൾ കണ്ടെത്തുന്ന സാഹചര്യത്തിൽ അപ്പോൾ തന്നെ റിപ്പോർട്ട് ചെയ്യണം. വൺ ഹെൽത്ത് പരിശീലനം ലഭിച്ച വോളണ്ടിയർമാരുടെ സേവനവും ലഭ്യമാക്കും.

ഏതെങ്കിലും സാഹചര്യത്തിൽ മനുഷ്യരിൽ പക്ഷിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്യുന്നെങ്കിൽ ഐസൊലേഷൻ സെന്ററായി ആലപ്പുഴ ജനറൽ ആശുപത്രി സജ്ജീകരിച്ചിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് റെഡ് സോണിൽ നിന്നും വരുന്ന ഫീവർ കേസുകൾ നേരിട്ട് ജനറൽ ഒ.പി യിൽ വരുന്നതിന് പകരം ആരോഗ്യവകുപ്പ് ജീവനക്കാരെ മുൻകൂട്ടി അറിയിച്ച് ഇതിനായി സജ്ജമാക്കിയ പ്രത്യേക ഒ.പി. സൗകര്യം പ്രയോജനപ്പെടുത്തേണ്ടതാണ്.

പക്ഷിപ്പനിയുമായി ബന്ധപ്പെട്ട ഗുരുതര കേസുകളുണ്ടായാൽ ചികിത്സിക്കാനായി ആലപ്പുഴ മെഡിക്കൽ കോളേജിൽ സൗകര്യമൊരുക്കും. സുപ്രണ്ടിന്റെ നേതൃത്വത്തിൽ ഐസൊലേഷൻ വാർഡ് സജ്ജീകരിക്കാൻ നിർദേശം നൽകി. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഒരു നോഡൽ ഓഫീസറെ നിയമിക്കും. ഈ പ്രദേശത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സർവൈലൻസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമുള്ള പൂർണമായ ചുമതല അതാത് ആരോഗ്യ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്കായിരിക്കും. ഇത്തരം പ്രദേശങ്ങളിൽ ആവശ്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

ജില്ലയിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളും പിപിഇ കിറ്റ്, ഒസൽറ്റാമിവിർ എന്നിവയുടെ സ്റ്റോക്ക് ഉറപ്പാക്കണം. പക്ഷികളുമായി ഇടപെട്ടവർക്കോ, നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കോ, കർഷകർക്കോ ഏതെങ്കിലും തരത്തിലുള്ള പനി റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ആശുപത്രിയിലേക്ക് മാറ്റാനായി പ്രത്യേക ആംബുലൻസ് സൗകര്യം ഉപയോഗിക്കേണ്ടതാണ്. അടിയന്തിര സഹായങ്ങൾക്ക് ജില്ലാ മെഡിക്കൽ ഓഫീസിലെ നമ്പറിൽ (0477 2251650) ബന്ധപ്പെടുക.

# പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) 130ാമത് സ്ഥാപക ദിനം ആഘോഷിച്ചു

**ന്യൂഡൽഹി:** രാജ്യത്തെ മുൻനിര പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) തങ്ങളുടെ 130ാമത് സ്ഥാപക ദിനം ആഘോഷിച്ചു. ആഘോഷങ്ങളുടെ ഭാഗമായി ഒരു സ്മാരക ചരിത്ര പുസ്തകത്തിന്റെ പ്രകാശനവും പുതിയ ഡിജിറ്റൽ ഓഫറുകളുടെ പ്രഖ്യാപനവും നടന്നു. ഇതോടൊപ്പം ചില സാമൂഹ്യ പ്രതിബദ്ധത സംരംഭങ്ങളും ആരംഭിച്ചു.




ന്യൂഡൽഹിയിൽ പിഎൻബിയുടെ കോർപ്പറേറ്റ് ഓഫീസിൽ നടന്ന ആഘോഷത്തിൽ സാമ്പത്തിക സേവന വകുപ്പ് സെക്രട്ടറി ഡോ. വിവേക് ജോഷി, ജോയിന്റ് സെക്രട്ടറിമാരായ സമീർ ശുക്ല, പങ്കജ് ശർമ, പി എൻ ബി ബോർഡ് ഡയറക്ടർമാർ, പിഎൻബി നോൺ എക്സിക്യൂട്ടീവ് ചെയർമാൻ കെ.ജി അനന്തകൃഷ്ണൻ, പിഎൻബി എംഡി & സിഇഒ അതുൽ കുമാർ ഗോയൽ, പിഎൻബി എക്സിക്യൂട്ടീവ് ഡയറക്ടർമാരായ കല്യാൺ കുമാർ, ബിനോദ് കുമാർ, എം. പരമശിവം, ബിഭു പ്രസാദ് മഹാപത്ര, പിഎൻബി സിവിഒ രാഘവേന്ദ്ര കുമാർ, പിഎൻബി സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# ട്രൈബോ ഇലക്ട്രിക് നാനോജനറേറ്ററുകൾ നിർമിക്കാൻ കുസാറ്റിന് പേറ്റന്റ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ട്രൈബോ ഇലക്ട്രിക് നാനോജനറേറ്ററുകൾ നിർമിക്കാൻ പേറ്റന്റ് ലഭിച്ചു. ഓസ്ട്രേലിയയിലെ ഫ്ലിൻഡേഴ്സ് സർവകലാശാലയുമായി സഹകരിച്ച് കുസാറ്റിലെ ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ മെറ്റീരിയൽസ് ആൻഡ് ഡിവൈസസ് (ഐയുസിഎൻഡി) ഡയറക്ടർക്കും , പോളിമർ സയൻസ് ആൻഡ് റബ്ബർ ടെക്നോളജി വകുപ്പിലെ പ്രൊഫസർ ഡോ.ഹണി ജോണിനും ആണ് സ്പാർക്ക് (സ്കീം ഫോർ പ്രൊമോഷൻ ഓഫ് അക്കാദമിക് ആൻഡ് റിസർച്ച് കൊളാബറേഷൻ) പദ്ധതി അനുവദിച്ചത്.

തത്സമയ ആരോഗ്യ നിരീക്ഷണത്തിനും, കാറ്റിൽ നിന്നും ശരീര ചലനങ്ങളിൽ നിന്നും ഊർജ്ജം ശേഖരിക്കുന്നതിനുമായി പരിസ്ഥിതി സൗഹൃദ റബ്ബർ നാനോകംപോസിറ്റുകളെ ട്രൈബോഇലക്ട്രിക് നാനോ ജനറേറ്ററുകളായി വികസിപ്പിക്കുന്ന പദ്ധതിയ്ക്കാണ് പേറ്റന്റ് ലഭിച്ചത്. കൂടാതെ, ലഭ്യമായ ജല സ്രോതസ്സുകളും 2 ഉ നാനോ മെറ്റീരിയലുകൾ അടിസ്ഥാനമാക്കിയുള്ള ഇലക്ട്രോകാറ്റലിസ്റ്റുകളും ഉപയോഗിച്ച് ജല വിഭജനത്തിലൂടെ ഹൈഡ്രജൻ ഉത്പാദിപ്പിക്കുന്ന ഇലക്ട്രോകെമിക്കൽ സെല്ലുകളുമായി ടി.ഇ.എൻ.ജികളെ സംയോജിപ്പിക്കാനാണ് പദ്ധതിയുടെ ലക്ഷ്യം. ഭാവിയിലെ ഹൈഡ്രജൻ സമ്പദ്വ്യവസ്ഥയിൽ കാർബണിൻറെ ഉപയോഗം ഒഴിവാക്കിക്കൊണ്ട് നാനോ ജനറേറ്ററുകൾ ഉപയോഗിച്ച് സുസ്ഥിര ഹരിത ഹൈഡ്രജൻ ഊർജം ഉൽപ്പാദിപ്പിക്കുന്നതിന് ആഗോളതലത്തിൽ ഈ ഗവേഷണം പ്രാധാന്യമർഹിക്കുന്നു.



# ഐഎസ്എൽ: കിരീട സ്വപ്നം ഒരിക്കൽ കൂടി പൊലിഞ്ഞു; ഒഡീഷൻ കാറ്റിൽ കടപുഴകി ബ്ലാസ്റ്റേഴ്സ്

**ഭുവനേശ്വർ:** കേരള ബ്ലാസ്റ്റേഴ്സിന്റെ ഐഎസ്എൽ കിരീടം മോഹം തല്ലിക്കെടുത്തി ഒഡീഷ എഫ്സി. ഭുവനേശ്വരിലെ കലിംഗ സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന നോക്ക് ഔട്ട് മൽസരത്തിൽ ഒന്നിനെതിരെ രണ്ടു ഗോളുകൾക്കാണ് കേരളത്തിന്റെ കൊമ്പന്മാർ ഒഡീഷൻ കൊടുങ്കാറ്റിൽ കടപുഴകിയത്. നാലിലധികം മികച്ച ഗോളവസരങ്ങളാണ് നിർഭാഗ്യം കൊണ്ട് കേരള ബ്ലാസ്റ്റേഴ്സിന് നഷ്ടമായത്. രണ്ടാം പകുതിയിൽ ഗോൾ കീപ്പർ ലാറ ശർമ്മ കളം വിട്ടതും ബ്ലാസ്റ്റേഴ്സിന് തിരിച്ചടിയായി.പരിക്കിനെ തുടർന്ന് മാസങ്ങളോളം നീണ്ട വിശ്രമത്തിനു ശേഷം തിരികെയെത്തിയ ക്യാപ്റ്റൻ അഡ്രിയാൻ ലൂണക്കും ഇത്തവണ ബ്ലാസ്റ്റേഴ്സിനെ തോൽവിയിൽ നിന്ന് രക്ഷിക്കാനായില്ല.കേരള ബ്ലാസ്റ്റേഴ്സിനായി സെർനിച്ച് ഫോദോറും ഒഡീഷയ്ക്കായി ഡിയാഗോ മൗറീഷ്യയും ഇസാക് വാൻലാൽറൈറ്റ്ഫെലയുമാണ് ഗോൾ നേടിയത്. കേരള ബ്ലാസ്റ്റേഴ്സാണ് ആദ്യം ഗോൾ നേടിയത്.ഗോൾരഹിതമായ ആദ്യ പകുതിക്ക് ശേഷം 67ാം മിനിറ്റിൽ ഫെഡോർ സിർനിച്ചിലൂടെ മുന്നിലെത്തിയ ബ്ലാസ്റ്റേഴ്സ് 87ാം മിനിറ്റ് വരെ ലീഡ് നിലനിർത്തി വിജയത്തിന് അടുത്ത് എത്തിയെങ്കിലും 87ാം മിനിറ്റിൽ ഡിയാഗോ മൗറീഷ്യയുടെ ഗോളിൽ ഒഡീഷ സമനില പിടിച്ചു. പിന്നീട് എക്സ്ട്രാ ടൈമിൽ 98ാം മിനിറ്റിൽ ഇസാക് വാൻലാൽറൈറ്റ്ഫെലയിലൂടെ ലീഡെടുത്ത ഒഡീഷക്കെതിരെ ഗോൾ തിരിച്ചടിക്കാൻ കേരളത്തിന്റെ കൊമ്പന്മാർക്കായില്ല.. തോൽവിയോടെ സെമി കാണാതെ പുറത്തായ ബ്ലാസ്റ്റേഴ്സിന്റെ കിരീട സ്വപ്നം ഒരിക്കൽ കൂടി വീണുടഞ്ഞു.

# യൂണിവേഴ്സൽ ഊർജ സംരക്ഷണ പദ്ധതി റസിഡൻസ് അസോസിയേഷനുകളിലേക്ക്



**വെള്ളാങ്ങല്ലൂർ:** വള്ളിവട്ടം യൂണിവേഴ്സൽ എഞ്ചിനീയറിങ് കോളേജ് എൻകോൺ ക്ലബ്ബ് 'ഊർജസ്വലരാകാം ഊർജസംരക്ഷണത്തിനായ്' പദ്ധതി റസിഡൻസ് അസോസിയേഷനുകളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പ്രിൻസിപ്പാൾ ഡോ. ജോസ്. കെ.ജേക്കബ് ഉദ്ഘാടനം ചെയ്തു. തൃശൂർ ചിറക്കൽ, കുറുമ്പിലാവ് തുടങ്ങിയ വിവിധ റെസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ പങ്കെടുത്ത പരിപാടിയുടെ ഭാഗമായി ഊർജസംരക്ഷണ മാർഗങ്ങളെക്കുറിച്ചുള്ള സെമിനാറും നടന്നു. ഇന്ധനങ്ങളുടെ ദുരുപയോഗ തടയേണ്ടതെങ്ങനെ, പുനരുപയോഗ ഊർജം, സോളാർ, വിവിധ വൈദ്യുത ഉത്പാദനരീതികളെ എന്നീ വിഷയങ്ങൾ സെമിനാർ ചർച്ച ചെയ്തു. 'ഒരു വീട്ടിൽ അമിതവൈദ്യുത ഉപഭോഗം നടത്തിയാൽ പത്തു വീട്ടുകാർ ഇരുട്ടിലാകും' എന്ന മുദ്രാവാക്യം റസിഡൻസ് അസോസിയേഷനുകളിൽ പ്രചരിപ്പിക്കാൻ യോഗം തീരുമാനിച്ചു. കുടുംബാംഗങ്ങൾക്ക് എൽഇഡി ബൾബ് നിർമ്മാണ പരിശീലനം നൽകി. എൻകോൺ ക്ലബ്ബ് കോഓർഡിനേറ്റർ കെ. കെ. അബ്ദുൾറസാക്ക്, ഡോ. എം. ജോളിസ റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് ദേവസ്സികുട്ടി, ഡോ. ഷാനിബ ആസി, പി. കെ. ശ്രീനിവാസൻ, വിദ്യാർത്ഥി പ്രതിനിധി അനു ട്രീസ എന്നിവർ പ്രസംഗിച്ചു.

# വനിതകൾക്ക് വേനൽക്കാല ജീൻസ് കളക്ഷനുമായി ലീവൈസ്

**കൊച്ചി:** ലോകത്തിലെ ഏറ്റവും വലിയ വസ്ത്ര കമ്പനികളിൽ ഒന്നായ ലീവൈസ് വനിതകൾക്കായുള്ള തങ്ങളുടെ വേനൽക്കാല കളക്ഷൻ പുറത്തിറക്കി. ബ്രാൻഡ് അംബാസഡറും ഫാഷൻ ഐക്കണുമായ ദീപിക പദുകോണാണ് 'ന്യൂ ഫിറ്റ്സ്, ഇൻഫിനിറ്റ് പോസ്സിബിലിറ്റീസ്'എന്ന ബ്രാൻഡിന്റെ പ്രചാരണം നയിക്കുന്നത്. റെട്രോപ്രചോദിത ഫ്ലെയർ, ലെയ്ഡ് ബാക്ക് ലൂസ്, കാലാതീതമായ ക്ലാസിക് സ്ട്രെയ്റ്റ് എന്നിങ്ങനെ ഏകദേശം 15ഓളം ഫിറ്റുകളാണ് ഈ പുതിയ ശ്രേണിയിലുള്ളത്. 2799 രൂപയിൽ ആരംഭിക്കുന്ന കളക്ഷൻസ് ലീവൈസ് സ്റ്റോറുകളിലും ഓൺലൈനിലും ലഭ്യമാണ്.




90കളിലെ പ്രചോദനാത്മക ശൈലി ഉപയോഗിച്ചുള്ള ലൂസ് ഫിറ്റുകൾ, Y2K വൈബുകൾ നിറഞ്ഞ വൈഡ്, സ്ട്രൈറ്റ് ലെഗോട് കൂടിയ ലോ ലൂസ്, ഒതുങ്ങിയ അരക്കെട്ടും അനായാസവും അയഞ്ഞതുമായ കാലുകളുള്ളതുമായ ഹൈ ലൂസ്, കൂടാതെ '94 ബാഗി', '94 ബാഗി വൈഡ് ലെഗ് എന്നിങ്ങനെ സ്വപ്ന സദൃശ്യമായ നിരയാണ് പുതിയ കളക്ഷനിലുള്ളത്. സ്ട്രെയിറ്റ് ജീൻസ് താല്പര്യമുള്ളവർക്ക് വേണ്ടി യിറക്കിയിട്ടുള്ള വെഡ്ജ് സ്ട്രെയിറ്റ്, റിബ്കേജ് സ്ട്രെയിറ്റ് ആങ്കിൾ, സ്ട്രെയിറ്റ് ലെഗ് സമ്മർറെഡി ആങ്കിൾ ക്രോപ്പ്, സ്ട്രെയിറ്റ് ലെഗ് സമ്മർറെഡി ആങ്കിൾ ക്രോപ്പ്, റിബ്കേജ് ബെൽ, റിബ്കേജ് ഫാമിലി ഫിറ്റ്സ്, റിബ്കേജ് ക്രോപ്പ്ഡ് ബൂട്ട്, റിബ്കേജ് വൈഡ് ലെഗ് എന്നിവയും പുതിയ കളക്ഷനിലെ ആകർഷണങ്ങളാണ്.സ്ത്രീകളുടെ ജീൻസുകളുടെ കാര്യത്തിൽ ലീവൈസ് എല്ലായ്പ്പോഴും ഒരു പയനിയർ ആയിരുന്നു വെന്നും ഗുണനിലവാരവും ഫാഷനും ഒരുമിച്ച് കൊണ്ടുവന്നിട്ടുണ്ടെന്നും എൽ എസ് & കോ സൗത്ത് ഏഷ്യ, ആഫ്രിക്ക, മിഡിൽ ഈസ്റ്റ് മാനേജിംഗ് ഡയറക്ടറും എസ് വി പിയുമായ അമീഷ ജെയിൻ പറഞ്ഞു.

# പ്രഥമ ഓഹരി വിൽപ്പനയുമായി ജെഎൻകെ ഇന്ത്യ ലിമിറ്റഡ്

**കൊച്ചി:** ഓയിൽ കമ്പനികൾ, ഗ്യാസ് റിഫൈനറികൾ, പെട്രോകെമിക്കൽ, വളം വ്യവസായങ്ങൾക്ക് ആവശ്യമായ ഹീറ്ററുകളും ക്രാക്കിംഗ് ഫർണസുകളും നിർമിച്ചു നൽകുന്ന രാജ്യത്തെ പ്രമുഖ കമ്പനിയായ ജെഎൻകെ ഇന്ത്യ ലിമിറ്റഡ് പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) നടത്തുന്നു. ഏപ്രിൽ 23ന് ആരംഭിക്കുന്ന ഐപിഒ ഏപ്രിൽ 25ന് അവസാനിക്കും. 395 രൂപ മുതൽ 415 രൂപ വരെയാണ് ഓഹരി നിരക്ക്. ഓഹരിയൊന്നിന് 2 രൂപയാണ് മുഖവില. നിക്ഷേപകർക്ക് വാങ്ങാവുന്ന ഏറ്റവും ചുരുങ്ങിയ ഓഹരികളുടെ എണ്ണം 36 ആണ്. തുടർന്ന് 36ന്റെ ഗുണിതങ്ങളായും ബിഡ് ചെയ്യാം. 300 കോടി രൂപയുടെ ഓഹരികളാണ് പുതുതായി വിൽക്കുന്നത്.

# ദക്ഷിണേഷ്യൻ കുറാഷ് ചാമ്പ്യൻഷിപ്പിന് ഇന്ന് തുടക്കം

**കൊച്ചി:** പ്രഥമ സൗത്ത് ഏഷ്യൻ കുറാഷ് ചാമ്പ്യൻഷിപ്പിന് ഇന്ന് കൊച്ചിയിൽ തുടക്കം. തേവര സേക്രഡ് ഹാർട്ട് കോളജിലാണ് ദ്വിദിന മത്സരങ്ങൾ.

ഇന്ത്യ, ശ്രീലങ്ക, നേപ്പാൾ, മാലിദ്വീപ്, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള 230 താരങ്ങൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും. ടീമുകൾ ഇന്നലെ കൊച്ചിയിലെത്തി. ഇന്ന് രാവിലെ രാവിലെ 10.30ന് കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു.ഷറഫലി ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്യും. ഇന്റർനാഷണൽ കുറാഷ് അസോസിയേഷന്റെ ടെക്നിക്കൽ ഡയറക്ടർ രവി കപൂർ, കുറാഷ് അസോസിയേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റും സംഘാടക സമിതി ചെയർമാനുമായ രാജൻ വർഗീസ്, ജനറൽ കൺവീനർ തെസ്നി വർഗീസ്, കേരള കുറാഷ് അസോസിയേഷൻ പ്രസിഡന്റ് വിവേക് വേണുഗോപാൽ, കുറാഷ് അസോസിയേഷൻ ഓഫ് ഇന്ത്യ വൈസ് പ്രസിഡന്റ് വിക്രാന്ത് കുമാർ എന്നിവർ പങ്കെടുക്കും. ഇതാദ്യമായാണ് ദക്ഷിണേഷ്യൻ രാജ്യങ്ങൾ തമ്മിലുള്ള ചാമ്പ്യൻഷിപ്പ് നടക്കുന്നത്.

ഏഷ്യൻ ഗെയിംസ് മെഡൽ ജേതാക്കളായ പിങ്കി ബൽഹാര, മാലപ്രഭ ജാദവ് എന്നിവരുൾപ്പെടെയുള്ള താരങ്ങളാണ് ഇന്ത്യയെ പ്രതിനിധീകരിച്ച് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നത്. ഏഷ്യൻ ഗെയിംസ് ഇനമായ കുറാഷ്, വേൾഡ് മാർഷൽ ആർട്സ് ഗെയിംസിൽ ഉൾപ്പെടെ പ്രധാന ഇനമാണ്. നേരത്തെ ഏഷ്യൻ കുറാഷ് ചാമ്പ്യൻഷിപ്പിനും, ലോക കുറാഷ് ചാമ്പ്യൻഷിപ്പിനും കൊച്ചി വേദിയൊരുക്കിയിരുന്നു.

# പുതിയ സ്ക്രൂ എയർ കംപ്രസ്സറുകളുമായി എൽജി

**കൊച്ചി:** പ്രമുഖ എയർ കംപ്രസ്സർ ഉൽപ്പാദകരായ എൽജി എക്യുപ്പ്മെന്റ്സ് പുതിയ ഇജി എസ്പി(സൂപ്പർ പ്രീമിയം) ഓയിൽ ലൂബ്രിക്കേറ്റ് ചെയ്ത സ്ക്രൂ എയർ കംപ്രസ്സറുകൾ അവതരിപ്പിക്കുന്നു.

എയർ കംപ്രസ്സർ സാങ്കേതിക വിദ്യയുടെ വളരെ ശ്രദ്ധേയമായ ഒരു സാങ്കേതിക മുന്നേറ്റത്തെ പ്രതിനിധാനം ചെയ്യുന്ന ഈ പുതിയ മെഷീനുകൾ 15% വരെ ഇന്ധനക്ഷമതാ നേട്ടമാണ് ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്നതെന്ന് എൽജി എക്യുപ്മെന്റ്സ് ലിമിറ്റഡിന്റെ ഇന്ത്യ, സൗത്ത് ഏഷ്യ, ആഫ്രിക്ക, മിഡിൽ ഈസ്റ്റ് പ്രസിഡന്റ് ഭാവേഷ് കരിയ പറഞ്ഞു.ഈ ഗണത്തിലെ ഏറ്റവും മികച്ച വാറന്റിയും പ്രകടനവും അതോടൊപ്പം 90110 കെഡബ്ലിയു കംപ്രസ്സർ നിരയിൽ ഏറ്റവും കുറഞ്ഞ പരിപാലന ചെലവും ഈ മെഷീനുകൾ വാഗ്ദാനം ചെയ്യുന്നു. കംപ്രസ്സറിന്റെ മൊത്തത്തിലുള്ള ആയുസ്സിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ 80%വും ഇന്ധന ചെലവു മൂലം ഉണ്ടാകുന്നതാണ് എന്ന കാര്യം കണക്കിലെടുത്തു കൊണ്ട് ഇജി സൂപ്പർ പ്രീമിയം കംപ്രസ്സറുകൾ 15% വരെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു. ഇന്ധനക്ഷമതയുടെ കാര്യത്തിൽ ഊന്നിക്കൊണ്ട് പ്രവർത്തിക്കുന്ന നിർമ്മാണ വ്യവസായങ്ങൾക്ക് തികച്ചും അനുയോജ്യമായതും പാരിസ്ഥിതികമായ പ്രശ്നങ്ങൾ സൃഷ്ടിക്കാത്തതുമായ ഈ അത്യാധുനിക യൂണിറ്റുകൾ അവയുടെ നവീനമായ സവിശേഷതകളിലൂടേയും പരിപാലന ചെലവിന്റെ കാര്യത്തിൽ മികവ് പുലർത്തി കൊണ്ടും പരമാവധി ഇന്ധന ലാഭം വാഗ്ദാനം ചെയ്യുന്നുവെന്നും ഭാവേഷ് കരിയ പറഞ്ഞു.




എല്ലാ ഇജി സൂപ്പർ പ്രീമിയം കംപ്രസ്സറുകളും എയർ എൻഡുകൾക്ക് 6 വർഷത്തെ വാറന്റിയും നിർണ്ണായക യന്ത്ര ഭാഗങ്ങൾക്ക് 3 വർഷത്തെ വാറന്റിയും പാക്കേജിന് ഒരു വർഷത്തെ വാറന്റിയും എയർ എന്റുകൾക്ക് 10 വർഷത്തെ എക്സ്റ്റൻഡഡ് വാറന്റിയും പാക്കേജിന് 5 വർഷത്തെ എക്സ്റ്റൻഡഡ് വാറന്റിയും സഹിതമാണ് വന്നെത്തുന്നത്. ദീർഘായുസ്സും വിശ്വാസ്യതയും നീണ്ടുനിൽപ്പും ഉറപ്പ് വരുത്തുന്ന വിധമാണ് എൽജി ഇജി സൂപ്പർ പ്രീമിയം നിർമ്മിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# നിഫ്റ്റി നെക്സ്റ്റ് 50 ഇൻഡക്സിലെ ഡെറിവേറ്റീവിന് ഏപ്രിൽ 24 മുതൽ തുടക്കം

**കൊച്ചി:** നിഫ്റ്റി നെക്സ്റ്റ് 50 ഇൻഡക്സിൽ ഡെറിവേറ്റീവ് ആരംഭിക്കാൻ നാഷണൽ സ്റ്റോക് എക്സ്ചേഞ്ചിന് സെബിയുടെ അനുമതി ലഭിച്ചു. ഏപ്രിൽ 24 മുതൽ ഇതിന് തുടക്കമാകും. മൂന്ന് സീരിയൽ പ്രതിമാസ ഇൻഡക്സ് ഫ്യൂചേഴ്സ്, ഇൻഡക്സ് ഓപ്ഷൻസ് കോണ്ടാക്ട് സൈക്കിളുകളാവും എൻഎസ്ഇ അവതരിപ്പിക്കുക. മാസത്തിലെ അവസാന വെള്ളിയാഴ്ചയാകും ഡെറിവേറ്റീവ് കരാറുകൾ അവസാനിക്കുക.നിഫ്റ്റി 100 സൂചികയിൽ നിന്ന് നിഫ്റ്റി 50 കമ്പനികളെ ഒഴിവാക്കിയുള്ളതാണ് നിഫ്റ്റി നെക്സ്റ്റ് 50 സൂചിക. 1997 ജനുവരി ഒന്നിനായിരുന്നു ഈ സൂചികയ്ക്ക് തുടക്കം കുറിച്ചത്. എൻഎസ്ഇയിൽ ലിസ്റ്റു ചെയ്ത ആകെ ഓഹരികളുടെ 18 ശതമാനത്തോളം വരുന്ന 70 ട്രില്യൺ രൂപയുടെ വിപണി വിഹിതമാണ് ഈ സൂചികയ്ക്കുള്ളതെന്ന് 2024 മാർച്ച് 29ലെ കണക്കുകൾ സൂചിപ്പിക്കുന്നു.



# ഇന്ത്യയിലെ പലിശനിരക്ക് കുറയുമെന്ന് വിപണി വിദഗ്ധർ

**തൃശൂർ:** അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ നിലവിലെ ഏകദേശ നിരക്കിൽ നിന്ന് ഇന്ത്യയിലെ പലിശനിരക്ക് കുറയുമെന്ന് നിരവധി വിപണി വിദഗ്ധരുടെ അഭിപ്രായം. നിലവിലെ പലിശ 7 ശതമാനം പലിശനിരക്ക് ഒരു ആന്വിറ്റി ഉൽപ്പന്നത്തിൽ ഉപഭോക്താക്കൾക്ക് അവരുടെ നിക്ഷേപം ഉറപ്പിക്കാനുള്ള (ലോക്ക്ഇൻ) അവസരമാണ് നൽകുന്നതെന്നും വിദഗ്ധർ പറയുന്നു.

ലൈഫ് ഇൻഷുറൻസ് കമ്പനികൾ മാത്രം വാഗ്ദാനം ചെയ്യുന്ന പെൻഷൻ അല്ലെങ്കിൽ ആന്വിറ്റി ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ഉറപ്പായ ആജീവനാന്ത വരുമാനമാണ് നൽകുന്നത്. വാങ്ങുന്ന സമയത്ത് തന്നെ പലിശ നിരക്ക് ലോക്ക്ഇൻ ചെയ്തിരിക്കും. പലിശ നിരക്കുകൾ മാറാത്ത, ആന്വിറ്റി അല്ലെങ്കിൽ പെൻഷൻ ഉൽപ്പന്നങ്ങൾ എന്നിവയെ ബാധിക്കാത്ത സ്ഥിരമായ വരുമാനമാണ് റിട്ടയർ ചെയ്യുന്നവർ താൽപര്യപ്പെടുന്നത് സാമ്പത്തികമായി സ്വതന്ത്രരാകാൻ അവരെ പ്രാപ്തരാക്കുന്ന മികച്ച ഓപ്ഷൻ ആണ് ഒരു ആന്വിറ്റി ഉൽപ്പന്നത്തിലെ നിക്ഷേപം. ഇനി മുന്നോട്ട് പലിശ നിരക്ക് കുറയുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ, ഇപ്പോൾ ഒരു ആന്വിറ്റി ഉൽപ്പന്നം വാങ്ങുന്ന ഉപഭോക്താക്കൾക്ക് അവരുടെ നിക്ഷേപം നിലവിലെ പലിശ നിരക്കിൽ ലോക്ക്ഇൻ ചെയ്യാൻ കഴിയും.

ചിട്ടയായ നിക്ഷേപം നടത്തി റിട്ടയർമെന്റ് ഫണ്ട് നിർമിക്കാൻ ഉപഭോക്താക്കളെ സഹായിക്കുന്നതിനാൽ, ഐസിഐസിഐ പ്രു ഗ്യാരന്റീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി ആന്വിറ്റി ഉൽപ്പന്നങ്ങളിൽ വേറിട്ടുനിൽക്കുന്നു. ഇത് റിട്ടയർമെന്റിന് ശേഷം ഉറപ്പുള്ളതും സുസ്ഥിരവുമായ ഒരു വരുമാനം ഉറപ്പാക്കുകയും ചെയ്യുന്നു. പലിശ നിരക്ക് കുറയുമെന്ന് പ്രവചിക്കപ്പെടുന്ന ഇന്ത്യ പോലുള്ള ഒരു വിപണിയിൽ ഇത് പ്രത്യേകിച്ചും ഏറെ പ്രയോജനം ചെയ്യും.




**വർമ്മ ഹോംസിന്റെ കാക്കനാട് വാഴക്കാലയിലെ വർമ്മ ഇംപീരിയൽ പ്രൊജക്ടിൽ പണിപൂർത്തിയാക്കിയ സാമ്പിൾ അപ്പാർട്ട്മെന്റിന്റെ ഉദ്ഘാടനം വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ നിർവഹിക്കുന്നു. പർച്ചേസ് സീനിയർ മാനേജർ രേഖ പ്രമോദ്, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, സെയിൽസ് ഓഫിസർ വൈഷ്ണവി വി, പ്രൊജക്ട്സ് ജി എം ബിന്ദു നൈനാൻ, പ്ലാനിംഗ് മാനേജർ ആരതി വർമ്മ തുടങ്ങിയവർ സമീപം**

# വർമ്മ ഹോംസ്: സാമ്പിൾ അപ്പാർട്ട്മെന്റ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** വർമ്മ ഹോംസിന്റെ കാക്കനാട് വാഴക്കാലയിലെ വർമ്മ ഇംപീരിയൽ പ്രൊജക്ടിൽ പണിപൂർത്തിയാക്കിയ സാമ്പിൾ അപ്പാർട്ട്മെന്റ് ഉദ്ഘാടനം ചെയ്തു. വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ സാമ്പിൾ അപ്പാർട്ട്മെന്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. പർച്ചേസ് സീനിയർ മാനേജർ രേഖ പ്രമോദ്, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, സെയിൽസ് ഓഫിസർ വൈഷ്ണവി വി, പ്രൊജക്ട്സ് ജി എം ബിന്ദു നൈനാൻ, പ്ലാനിംഗ് മാനേജർ ആരതി വർമ്മ തുടങ്ങിയവർ പങ്കെടുത്തു.



# ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഓഹരി വിപണി പ്രവേശനം കേരളത്തിന് മികച്ച സാധ്യത

**കൊച്ചി:** ചെറുകിട വ്യവസായങ്ങളുടെ ഓഹരിവിപണി പ്രവേശനത്തിൽ കേരളത്തിനുള്ളത് മികച്ച സാധ്യതയാണെന്ന് ഓഹരിവിപണി രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാട്ടി. ഇൻഫോപാർക്ക് സംഘടിപ്പിച്ച ടെക്സെൻസ് 2024 സമ്മേളനത്തിലാണ് ഓഹരി വിപണി വിദഗ്ധർ കേരളത്തിൻറെ സാധ്യതകൾ ചൂണ്ടിക്കാണിച്ചത്.

വ്യവസായ സംരംഭ പ്രതിനിധികൾക്കും സ്റ്റാർട്ടപ്പുകൾക്കും ഓഹരിവിപണിയിലൂടെ നിക്ഷേപം സമാഹരിക്കുന്നതിൻറെ വിശദാംശങ്ങൾ നൽകുന്നതിനായാണ് ഇൻഫോപാർക്ക് ടെക്സെൻസ് പരിപാടി നടത്തിയത്. നാഷണൽ സ്റ്റോക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ (എൻഎസ്ഇ) യിലെ സീനിയർ മാനേജർ ഹിമാൻഷു ശ്രീവാസ്തവ, ഇൻഡ്ഒറിയൻറ് ഫിനാൻഷ്യൽ സർവീസസിൻറ എംഡിയും സിഇഒയുമായ സൗമ്യ പാഥി, ഇൻഡ്ഒറിയൻറ് സ്റ്റാർട്ടപ്പ് ഡിവിഷൻറെ മേധാവി സിജു നാരായണൻ എന്നിവരാണ് ക്ലാസുകൾ നയിച്ചത്.ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഓഹരിവിപണിയിലേക്ക് പ്രവേശനം നടത്തുമ്പോൾ ഉണ്ടാകുന്ന ചെലവുകളിൽ ഏറ്റവും കൂടുതൽ ധനസഹായം നൽകുന്നത് കേരളമാണെന്ന് ഹിമാൻഷു ശ്രീവാസ്തവ പറഞ്ഞു.

ഐപിഒ ചെലവിൻറെ അമ്പത് ശതമാനം അല്ലെങ്കിൽ പരമാവധി ഒരു കോടി രൂപവരെയാണ് കേരളം സംരംഭകർക്ക് തിരികെ നൽകുന്നത്. നാഷണൽ സ്റ്റോക് എക്സ്ചേഞ്ച് എസ്എംഇകൾക്കായി ഓഹരിവിപണി പ്രവേശനത്തിനായി പ്രത്യേക സംവിധാനം നടത്തുന്നുണ്ട്. സ്വകാര്യ നിക്ഷേപം മതിയാകാതെ വരുന്ന സാഹചര്യത്തിൽ കമ്പനിയുടെ വളർച്ചയ്ക്കായി ധനസമാഹരണത്തിന് ഏറ്റവും പറ്റിയ മാർഗ്ഗമാണ് ഓഹരി വിപണി പ്രവേശനമെന്നും അദ്ദേഹം പറഞ്ഞു.ഓഹരി വിപണി പ്രവേശനത്തിന് കുറഞ്ഞത് രണ്ട് വർഷം മുമ്പെങ്കിലും സംരംഭകർ മാനസികമായും സാമ്പത്തികമായും തയ്യാറെടുക്കണമെന്ന് സൗമ്യ പാഥി പറഞ്ഞു. ഓഹരി വിപണി പ്രവേശനത്തിന് മെർച്ചൻറ് ബാങ്കുകളുടെ പങ്ക് എന്ന വിഷയമാണ് അദ്ദേഹം കൈകാര്യം ചെയ്തത്. മെർച്ചൻറ് ബാങ്കുകൾക്ക് കുറഞ്ഞത് ഒമ്പത് മാസമെങ്കിലും വേണം. അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകട സാധ്യതകൾ അദ്ദേഹം അനുഭവകഥകൾ പറഞ്ഞ് അവതരിപ്പിച്ചു.

സ്റ്റാർട്ടപ്പുകളുടെ തുടക്കം, വികസനം, നിക്ഷേപസമാഹരണം, ഓഹരിവിപണി പ്രവേശനം എന്ന വിഷയത്തിലാണ് സിജു നാരായണൻ സംസാരിച്ചത്. നിക്ഷേപ സമാഹരണത്തിൽ വിശ്വാസ പ്രതിബദ്ധതയും സുതാര്യതയും സ്റ്റാർട്ടപ്പുകൾക്ക് അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം പറഞ്ഞു. വിവിധ കമ്പനികൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നായി 50 ലധികം പ്രതിനിധികൾ പങ്കെടുത്തു.

വിശിഷ്ടാതിഥികൾക്ക് ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ ഉപഹാരങ്ങൾ സമ്മാനിച്ചു.

# പ്രീമിയം പാസഞ്ചർ വാഹനങ്ങൾക്കായി ടർസാന 6ഐയുമായി ബ്രിഡ്ജ്സ്റ്റോൺ




**കൊച്ചി:** പാസഞ്ചർ വാഹന മേഖലയിൽ പുതു തലമുറ ടയറായ ബ്രിഡ്ജ്സ്റ്റോൺ ടർസാന 6ഐ അവതരിപ്പിച്ച് ബ്രിഡ്ജ്സ്റ്റോൺ ഇന്ത്യ.

14 ഇഞ്ച് മുതൽ 20 ഇഞ്ച് വരെ 36 എസ്കെയുകളിൽ ബ്രിഡ്ജ്സ്റ്റോൺ ടർസാന 6ഐ ലഭ്യമാണ്. എസ്യുവികൾ, സിയുവികൾ, സിദാൻ, ഹാച്ച്ബാക്ക് തുടങ്ങിയ പ്രീമിയം വാഹനങ്ങളെയാണ് ഇത് ലക്ഷ്യമിടുന്നത്. സർക്കാറിന്റെ മേക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ ഭാഗഭാക്കാകുവാനുള്ള ബ്രിഡ്ജ്സ്റ്റോണിന്റെ പ്രതിബദ്ധതയാണ് ഈ പുതിയ പ്രീമിയം ടയറിന്റെ ലോഞ്ചിലൂടെ വ്യക്തമാകുന്നത്. വളർന്നുകൊണ്ടിരിക്കുന്ന ഇന്ത്യൻ വിപണിയ്ക്ക് ഏറ്റവും മികച്ച ടെക്നോളജി തന്നെ ഉറപ്പുനൽകണം എന്ന ഞങ്ങളുടെ പ്രതിബദ്ധതയാണ് ടർസാന 6ഐയിലൂടെ വ്യക്തമാകുന്നതെന്ന് ബ്രിഡ്ജ്സ്റ്റോൺ ഇന്ത്യ മാനേജിംഗ് ഡയറക്ടർ ഹിരോഷി യോഷിസെൻ പറഞ്ഞു. ലോകത്തെ മുൻനിര ടയർ ടെക്നോളജി ഇന്ത്യയിലേക്കും എത്തിക്കുക എന്ന ഞങ്ങളുടെ ലക്ഷ്യത്തിന്റെ വിജയമാണിഹിരോഷി യോഷിസെൻ പറഞ്ഞു.

പ്രീമിയം റൈഡിംഗ് കംഫർട്ട് ലഭ്യമാകുന്നതിനായി ഗ്ലോബൽ പ്രോപ്പറൈറ്ററി എൻലിറ്റൻ ടെക്നോളജി പ്രൊഡക്ട് ഡിസൈനിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നു. ഒപ്പം ഇന്ത്യൻ ഉപഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങളായ ദീർഘകാലത്തെ ഈടും, ഇന്ധന ക്ഷമതയും മികവുറ്റതാക്കുകയും ചെയ്തിരിക്കുന്നു. ഏറെ ആഹ്ലാദത്തോടെയാണ് ബ്രിഡ്ജ്സ്റ്റോൺ ടർസാന 6ഐ ഞങ്ങളുടെ ഉപഭോക്താക്കൾക്കായി അവതരിപ്പിക്കുന്നത് അദ്ദേഹം കൂട്ടിച്ചേർത്തു.

# കുട്ടികളിലും സ്ത്രീകളിലും കരൾരോഗങ്ങൾ വർധിക്കുന്നു

**ഫാറ്റി ലിവറും ഹെപ്പറ്റൈറ്റിസുമാണ് കേരളത്തിൽ ഏറ്റവും വ്യാപകമായി കാണുന്ന കരൾരോഗങ്ങൾ. ഇതിൽ ഹെപ്പറ്റൈറ്റിസ് വൈറസ്ബാധ മൂലമുണ്ടാകുന്നതാണ്. അതിൽ ഹെപ്പറ്റൈറ്റിസ് എ, ബി എന്നിവയ്ക്ക് ഫലപ്രദമായ വാക്സിനുണ്ട്. എന്നാൽ ഹെപ്പറ്റൈറ്റിസ് സിക്ക് വാക്സിൻ ഇല്ല. മലിനമായ വെള്ളം, ഭക്ഷണം, സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം, രോഗിയുമായുള്ള സമ്പർക്കം (രക്തമോ മറ്റോ നേരിട്ട് തൊട്ടാൽ) എന്നിവയിലൂടെയാണ് ഈ രോഗങ്ങൾ പകരുന്നത്.**



**ഡോ. ചാൾസ് പനക്കൽ,** സീനിയർ കൺസൾട്ടന്റ്, ഇന്റഗ്രേറ്റഡ് ലിവർ കെയർ, ആസ്റ്റർ മെഡ്സിറ്റി

പണ്ട് മദ്യപിക്കുന്ന പുരുഷന്മാരിൽ മാത്രം കൂടുതൽ കണ്ടിരുന്ന കരൾരോഗമായ ഫാറ്റിലിവർ ഇപ്പോൾ സ്ത്രീകളിലും കുട്ടികളിലും യുവാക്കളിലുമെല്ലാം ആശങ്കയാകുന്നതെങ്ങനെയെന്ന് അറിയേണ്ടതുണ്ട്. ഫാറ്റി ലിവറും ഹെപ്പറ്റൈറ്റിസുമാണ് കേരളത്തിൽ ഏറ്റവും വ്യാപകമായി കാണുന്ന കരൾരോഗങ്ങൾ. ഇതിൽ ഹെപ്പറ്റൈറ്റിസ് വൈറസ്ബാധ മൂലമുണ്ടാകുന്നതാണ്. അതിൽ ഹെപ്പറ്റൈറ്റിസ് എ, ബി എന്നിവയ്ക്ക് ഫലപ്രദമായ വാക്സിനുണ്ട്. എന്നാൽ ഹെപ്പറ്റൈറ്റിസ് സിക്ക് വാക്സിൻ ഇല്ല. മലിനമായ വെള്ളം, ഭക്ഷണം, സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം, രോഗിയുമായുള്ള സമ്പർക്കം (രക്തമോ മറ്റോ നേരിട്ട് തൊട്ടാൽ) എന്നിവയിലൂടെയാണ് ഈ രോഗങ്ങൾ പകരുന്നത്.

**നോൺ ആൽക്കഹോളിക് ഫാറ്റി ലിവർ ജീവിതശൈലി രോഗം**

ഇപ്പോൾ വ്യാപകമായി കാണുന്ന നോൺആൾക്കഹോളിക് ഫാറ്റി ലിവർ തീർത്തും ഒരു ജീവിതശൈലി രോഗമാണ്. ജീവിതശൈലി ആരോഗ്യകരമായ രീതിയിൽ മാറ്റിയാൽ മറ്റ് സങ്കീർണതകളില്ലെങ്കിൽ സ്വയം ഭേദമാകാൻ കഴിയുന്ന അവസ്ഥയാണിത്. നമ്മുടെ ശരീരത്തിൽ കരൾ എന്ന അത്ഭുതഅവയവത്തിന് മാത്രമേ ഇങ്ങനെ സ്വയം ഭേദപ്പെടുത്താനുള്ള കഴിവുള്ളൂ. എന്നുകരുതി കരളിന്റെ ആരോഗ്യത്തിന് വേണ്ട ശ്രദ്ധകൊടുക്കാതിരുന്നാൽ സിറോസിസ്, അർബുദം തുടങ്ങിയ ഗുരുതര രോഗങ്ങൾക്കും ഇടയുണ്ട്.

ഫാസ്റ്റ് ഫുഡ്, ജങ്ക് ഫുഡ്, സോഡ ചേർത്ത സോഫ്റ്റ് ഡ്രിങ്കുകൾ എന്നിവ ഇപ്പോൾ മലയാളികൾ ധാരാളമായി കഴിച്ചുതുടങ്ങിയിരിക്കുന്നു. ഞെട്ടിപ്പിക്കുന്ന അളവിൽ മധുരം അടങ്ങിയിട്ടുള്ള ഭക്ഷണങ്ങളാണ് കുട്ടികൾക്ക് വാങ്ങിക്കൊടുക്കുന്നത്. ഇവയിലെല്ലാം ശരീരത്തിന് ആവശ്യമായതിലധികം അന്നജം അടങ്ങിയിരിക്കുന്നു. ഇത്രയധികം ഊർജം ചെലവഴിക്കാൻ തക്കതായ ശാരീരികപ്രവർത്തനങ്ങൾ ഇല്ലതാനും. ദീർഘനേരം ഇരുന്നുള്ള ജോലിയും വ്യായാമമില്ലായ്മയും കൂടിയാകുമ്പോൾ അധികമായി എത്തുന്ന ഊർജം മുഴുവൻ കൊഴുപ്പായി സൂക്ഷിക്കാൻ ശരീരം നിർബന്ധിതമാകുന്നു. അങ്ങനെയാണ് അമിതഭാരവും അതിനോടനുബന്ധിച്ചുള്ള രോഗങ്ങളുമുണ്ടാകുന്നത്.

**ആരോഗ്യമുള്ളയാളുടെ കരളിൽ കൊഴുപ്പിന്റെ അംശം നാമമാത്രം**

ആരോഗ്യമുള്ള ഒരാളുടെ കരളിൽ കൊഴുപ്പിന്റെ അംശം നാമമാത്രമായിരിക്കും. എന്നാൽ കരളിന്റെ ശരിയായ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്ന അളവിൽ കൊഴുപ്പ് രൂപപ്പെടുമ്പോഴാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്. ഏറെ നാൾ ലക്ഷണങ്ങളില്ലാതെ തുടരുന്ന അവസ്ഥയാണ് ഫാറ്റിലിവർ. എന്നാൽ വർഷങ്ങളോളം അങ്ങനെ തുടരുമ്പോൾ കരൾ കൂടുതൽ ക്ഷീണിതമാകും. സ്വയം ഭേദപ്പെടുത്താൻ കഴിയാതെ വരുമ്പോൾ മരുന്നുകളുടെയും പിന്നീട് കരൾമാറ്റിവെയ്ക്കൽ ശസ്ത്രക്രിയ വരെ വേണ്ടിവരും. പ്രശസ്ത ടെലിവിഷൻ താരം സുബി സുരേഷ്, ട്രാഫിക് എന്ന ഒരൊറ്റ സിനിമയിലൂടെ ശ്രദ്ധേയനായ സംവിധായകൻ രാജേഷ് പിള്ളൈ എന്നിവരുടെ അപ്രതീക്ഷിതവും വേദനാജനകവുമായ വേർപാടുകൾ നമുക്ക് മുന്നിൽ പാഠമായുണ്ട്. പുകവലിക്കുകയോ മദ്യപിക്കുകയോ ചെയ്യാതിരുന്ന രാജേഷ് പിള്ളയ്ക്ക് വിനയായത് ജങ്ക്ഫുഡും സോഫ്റ്റ് ഡ്രിങ്കുകളും ആയിരുന്നുവെന്ന് അദ്ദേഹത്തിന്റെ അടുത്ത സുഹൃത്തുക്കൾ തന്നെ വെളിപ്പെടുത്തിയിരുന്നു.

**കുട്ടികളിലും അമിതവണ്ണം പ്രധാനആരോഗ്യപ്രശ്നം**

മുതിർന്നവരിലെന്ന പോലെ കുട്ടികളിലും ഇപ്പോൾ അമിതവണ്ണം ഒരു പ്രധാനആരോഗ്യപ്രശ്നമായി മാറിക്കഴിഞ്ഞിട്ടുണ്ട്. എട്ടോ ഒൻപതോ വയസുള്ള കുട്ടിയിൽ ഫാറ്റിലിവർ ഉണ്ടായാൽ, അത് ശരിയായി കൈകാര്യം ചെയ്തില്ലെങ്കിൽ, ഇരുപതുകളിൽ എത്തുമ്പോഴേക്കും ഗുരുതരമായ കരൾരോഗങ്ങൾക്ക് സാധ്യതയുണ്ട്. എന്നാൽ ആരോഗ്യകരമായ ഭക്ഷണശീലങ്ങളും വ്യായാമവും ശീലമാക്കിയാൽ രണ്ടാം ഘട്ടത്തിലെത്തിയ (ഫൈബ്രോസിസ്) ഫാറ്റി ലിവർ വരെ പൂർണമായും മാറുന്നതാണ്. ഓരോ വ്യക്തിയിലും അതിനെടുക്കുന്ന സമയം വ്യത്യസ്തമായിരിക്കും. അമിതവണ്ണമുള്ളവർ അവരുടെ ശരീരഭാരത്തിന്റെ ഒരു 10% എങ്കിലും കുറയ്ക്കുമ്പോൾ തന്നെ കാര്യമായ മാറ്റങ്ങൾ പ്രകടമാകും. എപ്പോഴും ഓരോ വ്യക്തിക്കും അനുയോജ്യമായ ശരീരഭാരം കാത്തുസൂക്ഷിക്കണം. മദ്യപാനം, അത് എത്ര ചെറിയ അളവിലാണെങ്കിൽപ്പോലും കരളിന് അമിതസമ്മർദ്ദം തന്നെയാണ്. അത് പൂർണമായും ഒഴിവാക്കുന്നതാണ് നല്ലത്. പ്രമേഹവും രക്തസമ്മർദ്ദവും കൊളസ്ട്രോളും നിയന്ത്രിക്കേണ്ടതും കരളിന്റെ ആരോഗ്യത്തിന് അനിവാര്യമാണ്. പ്രോസസ് ചെയ്ത ചീസ്, ബട്ടർ, മാംസം എന്നിവയ്ക്ക് പകരം ഫൈബറും പ്രോടീനും കൂടുതൽ അടങ്ങിയ പ്രകൃതിദത്ത ഭക്ഷണങ്ങൾ കഴിച്ചുതുടങ്ങാം. എണ്ണയിൽ വറുത്തതും പൊരിച്ചതുമായ ഭക്ഷണങ്ങളും മധുരപലഹാരങ്ങളും നിയന്ത്രിക്കണം. പരസ്യങ്ങൾ മാത്രം വിശ്വസിച്ച് സപ്പ്ളിമെന്റുകളും മറ്റും വാങ്ങിക്കഴിക്കരുത്. അവയിൽ ലോഹത്തിന്റെ അംശമുൾപ്പെടെ പലരാസവസ്തുക്കളും അടങ്ങിയിട്ടുണ്ടാകാം. ഇവ പുറന്തള്ളേണ്ടത് കരളിന്റെ ദൗത്യമാണ്. ഡോക്ടറുടെ നിർദേശപ്രകാരം മാത്രമേ മരുന്നുകളും കഴിക്കാവൂ. നിസാരരോഗങ്ങൾക്ക് സ്ഥിരമായി മെഡിക്കൽ ഷോപ്പുകളിൽ നിന്ന് മരുന്നുകൾ സ്വയം വാങ്ങികഴിക്കുന്നത് കരളിന്റെ ആരോഗ്യത്തിന് നല്ലതല്ല.



**ലക്ഷണം രോഗം സങ്കീർണ്ണമാകുമ്പോൾ**

കരൾരോഗം സങ്കീർണതകളിലേക്ക് കടക്കുമ്പോഴാണ് ലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നത്. വയറിന്റെ വലതുഭാഗത്ത് വാരിയെല്ലിന സമീപം വേദന, കാലിൽ നീര്, ചർമത്തിലെ പ്രശ്നങ്ങൾ, മൂത്രത്തിലെ അസ്വാഭാവിക മഞ്ഞനിറം എന്നിവ കരൾരോഗത്തിന്റെ സൂചനകളാകാം. പലപ്പോഴും മറ്റെന്തെങ്കിലും ആവശ്യത്തിന് പരിശോധനകൾക്ക് വിധേയരാകുമ്പോഴാണ് കരൾരോഗങ്ങളും ആദ്യം ശ്രദ്ധിക്കുന്നത്. അത്രയും വൈകിപ്പോകാതിരിക്കാൻ ലിവർ ഫങ്ഷൻ ടെസ്റ്റ് നടത്താം. ഇതിൽ ധാരാളം പരിശോധനകൾ അടങ്ങിയിട്ടുണ്ട്. അവയെല്ലാം വിശദമായി നോക്കിയാൽ മാത്രം കൃത്യമായ ചിത്രം ലഭിക്കുകയുള്ളു. പലരും സ്ഥിരമായി ബിലിറൂബിൻ എന്ന ഘടകം മാത്രം ടെസ്റ്റ് ചെയ്യുകയും ബാക്കിയുള്ളവ അവഗണിക്കുകയും ചെയ്യാറുണ്ട്. എന്നാൽ കരളിന്റെ അവസ്ഥ ഏറ്റവും മോശമാകുമ്പോൾ മാത്രമേ ബിലിറൂബിൻ ഉയരുകയുള്ളു. തുടക്കത്തിൽ കാര്യമായ മാറ്റങ്ങൾ കാണിക്കില്ല. ധാരാളം ശാരീരികപ്രവർത്തനങ്ങൾ നിർവഹിക്കുന്ന അവയവമായതിനാൽ കരളിന്റെ ആരോഗ്യം അറിയണമെങ്കിൽ പ്ലേറ്റ്ലെറ്റുകൾ ഉൾപ്പെടെ സമഗ്രമായ പരിശോധനകൾ ആവശ്യമായി വരാം. ഫാറ്റിലിവറും മറ്റും എത്രത്തോളം വ്യാപിച്ചിട്ടുണ്ട് എന്നറിയാൻ സ്കാനിങ്ങും ആവശ്യമായി വന്നേക്കാം.

# സൗത്ത് ഇന്ത്യൻ ബാങ്കും അശോക് ലെയ്‌ലന്റും തമ്മിൽ ധാരണ




**കൊച്ചി:** അശോക് ലെയ്‌ലന്റ് വാഹന ഡീലേഴ്സിന് ഇനിമുതൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്നും ഡീലർ ഫിനാൻസ് സേവനങ്ങൾ ലഭ്യമാകും. ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ ജനറൽ മാനേജറും ഗ്രൂപ്പ് ബിസിനസ് ഹെഡുമായ ബിജി എസ് എസ്, അശോക് ലെയ്‌ലന്റിന്റെ ട്രഷറി ഹെഡ് സി നീലകണ്ഠൻ എന്നിവർ ഒപ്പുവെച്ചു. വാഹന വിപണന രംഗത്ത് മുൻനിരയിലുള്ള അശോക് ലെയ്‌ലന്റുമായി കൈകോർക്കുന്നതിലൂടെ വൈവിധ്യമാർന്ന ഡീലർ ഫിനാൻസ് സേവനം വിപുലപ്പെടുത്താനാണ് സൗത്ത് ഇന്ത്യൻ ബാങ്ക് ലക്ഷ്യമിടുന്നതെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ ജനറൽ മാനേജറും ഗ്രൂപ്പ് ബിസിനസ് ഹെഡുമായ ബിജി എസ് എസ് അഭിപ്രായപ്പെട്ടു.

വാഹന വിപണന രംഗത്തെ കരുത്തരായ അശോക് ലെയ്‌ലന്റുമായി സഹകരിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. അശോക് ലെയ്‌ലന്റിന്റെ ഡീലേഴ്സിന് സൗകര്യപ്രദവും സമ്പൂർണ്ണവുമായ ഫിനാൻസിംഗ് ചോയിസുകൾ നൽകുകയാണ് ഞങ്ങളുടെ ലക്ഷ്യം. വായ്പാ രംഗത്തെ ഈ പരസ്പര സഹകരണം ഇരു സ്ഥാപനങ്ങളുടെയും ബിസിനസ് വളർച്ചയ്ക്ക് സഹായിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നുവെന്നും ബിജി എസ് എസ് അഭിപ്രായപ്പെട്ടു.

ഡീലർ വായ്പ ലഭ്യമാക്കുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്കുമായി സഹകരിക്കുന്നതിൽ സന്തോഷമുണ്ടെന്ന് അശോക് ലെയ്‌ലന്റ് ഡയറക്ടറും ചീഫ് ഫിനാൻഷ്യൽ ഓഫീസറുമായ ഗോപാൽ മഹാദേവൻ പറഞ്ഞു. ഞങ്ങളുടെ ഡീലേഴ്സിന് ഉചിതമായ ഇൻവെന്ററി ഫിനാൻസിംഗ് പരിഹാരങ്ങൾ നൽകാൻ ബാങ്കിന് കഴിയും. ഉപഭോക്താക്കൾക്ക് മികച്ച സേവനം പ്രദാനം ചെയ്യുന്നതിൽ സൗത്ത് ഇന്ത്യൻ ബാങ്കിനെപ്പോലെ അശോക് ലെയ്‌ലന്റും പ്രതിജ്ഞാബദ്ധരാണ്. അദ്ദേഹം പറഞ്ഞു.




# ഒബിസിറ്റി ക്ലിനിക്കുമായി അപ്പോളോ അഡ്‌ലക്സ് ആശുപത്രി

**കൊച്ചി:** അമിതവണ്ണത്തെ മറികടക്കാൻ ഒബിസിറ്റി ക്ലിനിക്കുമായി അങ്കമാലി അപ്പോളോ അഡ്‌ലക്സ് ആശുപത്രി. അങ്കമാലി അപ്പോളോ അഡ്‌ലക്സ് ആശുപത്രിയിൽ ആരംഭിക്കുന്ന ഒബിസിറ്റി ക്ലിനിക്ക് ഡോ. മനോജ് അയ്യപ്പത്ത് (സീനിയർ കൺസൾട്ടന്റ് ആൻഡ് എച്ച്.ഒ.ഡി സർജിക്കൽ ഗാസ്ട്രോഎന്ററോളജി), ഡോ. കാർത്തിക് കുൽശ്രേസ്ത (കൺസൾട്ടന്റ്, സർജിക്കൽ ഗാസ്ട്രോഎന്ററോളജി), ഡോ. രമേഷ് കുമാർ .ആർ (ഡി.എം.എസ്), സി.ഇ.ഒ സുദർശൻ എന്നിവർ ഉദ്ഘാടനം ചെയ്യും.
ഗാസ്ട്രോ സയൻസ്, സെന്റർ ഓഫ് എക്സലൻസിന് കീഴിൽ അമിതവണ്ണത്തിനുള്ള നൂതന പരിഹാര മാർഗങ്ങൾ ലക്ഷ്യമിട്ടാണ് ഒബിസിറ്റി ക്ലിനിക്ക് ആരംഭിക്കുന്നതെന്ന് ഡോ. മനോജ് അയ്യപ്പത്ത് (സീനിയർ കൺസൾട്ടന്റ് ആൻഡ് എച്ച്.ഒ.ഡി സർജിക്കൽ ഗാസ്ട്രോഎന്ററോളജി), സി.ഇ.ഒ സുദർശൻ .ബി, സി.ഒ.ഒ. ഡോ. ഷുഹൈബ് ഖാദർ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഉദ്ഘാടനത്തോടനുബന്ധിച്ച് കൺസൾട്ടേഷന് 50 ശതമാനം ഡിസ്കൗണ്ടും ഡോക്ടർമാർ നിർദേശിക്കുന്ന പ്രൊസീജ്യറുകൾക്ക് പ്രത്യേക ഡിസ്കൗണ്ടും നൽകുമെന്ന് ഏപ്രിൽ 20 മുതൽ ഏപ്രിൽ 30 വരെയാണ് ഇളവ്. വിശദവിവരങ്ങൾക്കും ബുക്കിംഗിനും: 0484 7185000, 8593882299.

# കോട്ടൺസ് ഓഫ് ഇന്ത്യ, സമ്മർ ബ്ലൂംസ് കളക്ഷനുമായി തനെയ്റ



**കൊച്ചി:** വേനൽക്കാല ചൂടിനെ നേരിടാൻ ഏറ്റവും പുതിയ വസ്ത്ര ശേഖരവുമായി വിമെൻസ് എത്നിക് വെയർ ബ്രാൻഡായ തനെയ്റ. കോട്ടൺസ് ഓഫ് ഇന്ത്യ, സമ്മർ ബ്ലൂംസ് എന്നീ വസ്ത്ര ശേഖരങ്ങളാണ് ടാറ്റാ ഗ്രൂപ്പ് കമ്പനിയായ ടൈറ്റനിൽ നിന്നുള്ള തനെയ്റ പുറത്തിറക്കിയിരിക്കുന്നത്. ഓരോ നെയ്ത്തിലും അലങ്കാര വേലയിലും ബ്രാൻഡിൻറെ മേന്മ എടുത്തുകാണിക്കുന്ന രീതിയിലാണ് തനെയ്റയുടെ ഹാൻഡ്ക്രാഫ്റ്റഡ് വസ്ത്ര ശേഖരങ്ങൾ.കോട്ടൺസ് ഓഫ് ഇന്ത്യ എന്ന ശേഖരത്തിലൂടെ രാജ്യത്തെ നെയ്ത്ത് കൂട്ടങ്ങളുടെ വൈവിധ്യമാർന്ന ശേഖരങ്ങളെ ഒരുമിപ്പിക്കുകയാണ് തനെയ്റ. ഇന്ത്യയുടെ സാംസ്ക്കാരിക പൈതൃകത്തിൻറെയും പഴയതും പുതിയതുമായ കരകൗശല വസ്തുക്കളുടെ സമന്വയത്തിൻറെയും ആഘോഷമാണ് കോട്ടൺസ് ഓഫ് ഇന്ത്യ കളക്ഷൻ.

അജ്രഖിൻറെ സങ്കീർണ്ണമായ കലാവൈഭവവും നാരായൺപേട്ടിൻറെ കാലാതീതമായ ചാരുതയും ഒഡീഷ ഇകാത്തിൻറെ ഊർജ്ജസ്വലമായ നിറങ്ങളും എല്ലാം ചേർന്ന് ഓരോ സാരിയും ഓരോ മാസ്റ്റർപീസായാണ് ഒരുക്കിയിരിക്കുന്നത്. ഓരോന്നിലും അതിൻറെ ഉത്ഭവത്തിൻറെ ആത്മാവിനെ ഉൾക്കൊണ്ട്, സൂക്ഷ്മമായ ശ്രദ്ധയോടെയാണ് ഡിസൈനുകൾ ഒരുക്കിയിട്ടുള്ളത്. 1299 രൂപ മുതലാണ് വില.

തനെയ്റയുടെ സമ്മർ ബ്ലൂംസ് ശേഖരത്തിലെ സാരികളെ ധരിക്കാവുന്ന കലാരൂപമാക്കി മാറ്റിയിരിക്കുന്നു. സിൽക്ക് കോട്ടൺ, ടസർ എന്നിവയിൽ നിർമിച്ചിരിക്കുന്ന സാരികൾ വേനൽക്കാല പൂക്കളുടെ എല്ലാവിധ സത്തയും ഉൾക്കൊണ്ടാണ് നെയ്തിരിക്കുന്നത്. പൂക്കളുടെ വിവിധ ഡിസൈനുകളും ധരിക്കാനുള്ള സുഖവും ഈ സാരികളെ എല്ലാ സീസണുകളിലും പ്രിയങ്കരമാക്കുന്നു. തനെയ്റ റെഡി ടു വെയർ കുർത്തകൾ, ടോപ്പ്, ഡ്രസ്സുകൾ, എത്നിക് സ്ക്കർട്ട്, പ്രീ ഡ്രേപ്ഡ് സാരികൾ എന്നിവയും ഒരുക്കിയിട്ടുണ്ട്.എത്നിക് ഫാഷനുകൾക്കപ്പുറം തനെയ്റ അതിൻറെ ആധികാരികതയിലും വിശ്വാസത്തിലുമാണ് തങ്ങളുടെ പ്രതിബദ്ധത ഉറപ്പിച്ചിരിക്കുന്നതെന്ന് തനെയ്റ സിഇഒ അംബുജ് നാരായൺ പറഞ്ഞു.

